(4) വീട് പുനരുദ്ധാരണം

(5) കമ്മ്യൂണിറ്റി ഹാൾ/കളിസ്ഥലം

(6) ഡ്രെയിനേജ്

(7) മാലിന്യസംസ്കരണം

(8) ബയോഗ്യാസ് പ്ലാന്റ്

(9) വരുമാനദായക പദ്ധതികൾ

(10) വനിതകളുടെ സ്വയംസഹായ സംഘങ്ങൾ വഴിയുള്ള സൂക്ഷ്മ സംരംഭങ്ങൾ

(11) സോളാർ തെരുവ് വിളക്ക്

(12) റീട്ടെയിനിംഗ് വാൾ

(13) അടുക്കളത്തോട്ടം

(14) ശുചീകരണ പ്രവർത്തനം

(15) ആശയവിനിമയ സൗകര്യം തുടങ്ങിയ വികസന പ്രവർത്തനങ്ങൾ കോളനികളുടെ സാഹചര്യമനുസരിച്ച് നടപ്പിലാക്കിവരുന്നു.

**പട്ടികജാതി കുടുംബങ്ങളുടെ ഭവന നിർമ്മാണ പദ്ധതി**

9 (486) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എം. മുകേഷ് :
ശ്രീ. പി. കെ. ശശി :
ശ്രീമതി വീണാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അതു ലഭ്യമാക്കുമോ;

(ബി) ഇത്തരം കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി എന്തു പദ്ധതിയാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;



LIBRARY ARCHIVES Kerala Legislative Assembly

(സി) മുൻസർക്കാരിന്റെ കാലത്ത് അനുവദിച്ച പരിമിത എണ്ണം വീടുകളിൽ മൂന്നിലൊന്നു മാത്രം പണിപൂർത്തിയാക്കിയതായി പറയപ്പെടുന്ന സ്ഥിതിവിശേഷം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) വീട്ടു നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ ബുദ്ധിമുട്ടുന്നവരെ സഹായിക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ 26210 ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങളുള്ളതായി കണക്കാക്കിയിട്ടുണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതി നിലവിലുണ്ട്. വീട് നിർമ്മാണത്തിനായി 3,00,000 രൂപ അനുവദിച്ചുവരുന്നു.

(സി) വിലയിരുത്തിയിട്ടുണ്ട്. മുൻസർക്കാരിന്റെ കാലത്ത് ആകെ 24594 വീടുകൾ അനുവദിച്ചതിൽ 14031 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. ഇനി 10563 വീടുകൾ കൂടി പൂർത്തിയാക്കാനുണ്ട്.

(ഡി) ഭവന നിർമ്മാണ ധനസഹായം കൈപ്പറ്റിയിട്ട് പണി പൂർത്തിയാക്കാത്ത വീടുകൾ പൂർത്തിയാക്കുന്നതിനുള്ള പദ്ധതി രൂപീകരിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു.

**പട്ടികജാതി വിഭാഗക്കാരുടെ ചികിത്സാ ധനസഹായം**

10(487) <u>ശ്രീ. യു. ആർ. പ്രദീപ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗക്കാരുടെ ചികിത്സാ ധനസഹായവുമായി ബന്ധപ്പെട്ട് 2015 ഡിസംബർ മാസം മുതൽ 2016 മാർച്ച് മാസം വരെ ലഭിച്ച ആകെ അപേക്ഷകൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇനിയും തീർപ്പാകാതെയുള്ള അപേക്ഷകൾ എത്രയാണെന്ന് അറിയിക്കുമോ; ആയത് അടിയന്തരമായി തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 9157 എണ്ണം.

(ബി) 5988 എണ്ണം. നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly